ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 482375 പേർക്ക് 30-11-2015 വരെ 651,23,18,033 രൂപ (അറുന്നൂറ്റിയമ്പത്തൊന്ന് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി പതിനെട്ടായിരത്തി മുപ്പത്തിമൂന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഇക വിതരണം ചെയ്തവരുടെ വിവരങ്ങൾ ലഭ്യമാക്കുന്നത് പ്രായോഗികമല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അർഹരായ എല്ലാ അപേക്ഷകർക്കും ഇക അനുവദിച്ചിട്ടുണ്ട്.

കേരള ഷോളയാറിൽ ലഭിക്കേണ്ട വെള്ളം

38 (3138) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരള ഷോളയാറിൽ ലഭിക്കേണ്ട വെള്ളം ഈ വർഷം തമിഴ്നാട് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ചാലക്കുടിപ്പുഴയിലെ വേനൽക്കാല ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി കരാർ പ്രകാരം ജലം ലഭ്യമാക്കുന്നതിനും കേരള ഷോളയാറിൽ നിന്നും ജലം താഴേക്ക് കൃത്യമായി ലഭ്യമാക്കുന്നതിനും ഷോളയാറിൽ നിന്നും ലഭിക്കുന്ന ജലം ഉപയോഗിച്ച് പെരിങ്ങൽക്കുത്തിൽ നിന്നും ആവശ്യമായ അളവിൽ പരമാവധി ജലനിർഗമനം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ ഇടപെടലുകളും നടപടികളും സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാർ പ്രകാരം ചാലക്കുടി നദീതടത്തിൽനിന്നും ഓരോ ജലവർഷവും 12.3 ടി.എം.സി. ജലം കേരളത്തിന് ലഭിക്കേണ്ടതും പ്രസ്തുത ജലവിഹിതം കേരള ഷോളയാർ പവർഹൗസിൽ അളന്ന് പുറത്തുവിടേണ്ടതുമാണ്. നടപ്പ് ജലവർഷത്തിൽ (2015-16) 15-2-2016 വരെ 5856.94 എം.സി.എഫ്.റ്റി. ജലം കേരള ഷോളയാറിൽ വൈദ്യുതോല്പാദനത്തിനുശേഷം പെരിങ്ങൽക്കുത്തിലേയ്ക്ക് ഒഴുക്കിവിട്ടിട്ടുണ്ട്. കൂടാതെ ഉപയോഗയോഗ്യമായ 3849 എം.സി.എഫ്.റ്റി. ജലം കേരള ഷോളയാർ റിസർവോയറിൽ ലഭ്യമാണ്. ശേഷിക്കുന്ന 2594.06 എം.സി.എഫ്.റ്റി. ജലം 2016 ജൂൺ 30 വരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാലയളവിൽ ലഭിക്കേണ്ടതാണ്. (Own catchment yield + Tamil Nadu release). ഇക്കാലയളവിൽ പവർഹൗസ് 1 പ്രവർത്തിപ്പിക്കുകയില്ലെന്നും ജലം കേരള ഷോളയാറിലേക്ക് ലഭ്യമാക്കാമെന്നും 96-ാമത് സംയുക്ത ജല ക്രമീകരണ സമിതി (JWRB) യോഗത്തിൽ തമിഴ്നാട് അധികൃതർ അറിയിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നടപ്പ് ജലവർഷ(2015-16)ത്തിന്റെ തുടക്കം മുതൽക്കുതന്നെ കേരള സർക്കാരും കേരള ജലസേചന വകുപ്പും കേരള സംസ്ഥാന വൈദ്യുതി ബോർഡും കേരള ഷോളയാറിൽ കരാർ വ്യവസ്ഥകൾ പാലിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് തമിഴ്നാട്ടിലെ ബന്ധപ്പെട്ട അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ 2016 ജനുവരി മാസം 19-ന് നടന്ന 96-ാമത് സംയുക്ത ജല ക്രമീകരണ സമിതി (JWRB) യോഗത്തിൽ; നടപ്പ് (2015-16) ജലവർഷത്തിൽ കേരള ഷോളയാറിൽ തമിഴ്നാട് നടത്തിയ കരാർ ലംഘനങ്ങൾ കേരളത്തിന്റെ പ്രതിനിധികൾ ചൂണ്ടിക്കാട്ടുകയും അതിന്മേൽ കേരളത്തിന്റെ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും നടപ്പ് ജല വർഷത്തിന്റെ ശേഷിക്കുന്ന കാലയളവിൽ പി.എ.പി. കരാർ വ്യവസ്ഥകൾ നിർബന്ധമായും പാലിക്കണമെന്ന് ശക്തമായി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിന് കേരളത്തിന്റെ പ്രതിനിധികളുടെ നിർദ്ദേശംകൂടി പരിഗണിച്ച് സാദ്ധ്യമായ നടപടികൾ സ്വീകരിക്കാമെന്ന് തമിഴ്നാട് അധികൃതർ പ്രസ്തുത യോഗത്തിൽ അറിയിച്ചിട്ടുണ്ട്. നടപ്പ് ജല വർഷത്തിന്റെ ശേഷിക്കുന്ന കാലയളവിൽ പി.എ.പി. കരാർ വ്യവസ്ഥകൾ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിനുവേണ്ടി സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

കേരള ഷോളയാറിൽ ലഭ്യമായ ജലത്തിൽനിന്നും വൈദ്യുതോല്പാദനത്തിന് ശേഷം പെരിങ്ങൽക്കുത്തിലേയ്ക്ക് ജലം ലഭ്യമാക്കുന്നതിനും പെരിങ്ങലിലെ വൈദ്യുതോല്പാദനത്തിനുശേഷം ചാലക്കുടിപ്പുഴയിലേക്ക് ജലം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് കേരള സംസ്ഥാന വൈദ്യുതി ബോർഡാണ്. പി.എ.പി. കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ടുന്ന ജലവിഹിതം ലഭ്യമാക്കുന്നത് സംബന്ധിച്ച് സംസ്ഥാന വൈദ്യുതി ബോർഡ് ലഭ്യമാക്കിയ നിർദ്ദേശങ്ങൾ തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഇക്കാര്യത്തിലുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് ജാഗ്രത പുലർത്തുവാൻ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന വൈദ്യുതി ബോർഡിനോട് അഭ്യർത്ഥിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സംസ്ഥാന വൈദ്യുതി ബോർഡ് അറിയിച്ചിട്ടുണ്ട്.

പറമ്പിക്കുളം-ആളിയാർ പദ്ധതി

39 (3139) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതിപ്രകാരം 2005-06 മുതൽ 2014-15 വരെ ഓരോ വർഷവും തമിഴ്നാട്ടിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വെള്ളത്തിന്റെ അളവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) 2015-16 വർഷത്തിൽ PAP കരാർ പ്രകാരം കേരളത്തിന് ലഭിച്ച വെള്ളമെത്ര; ഈ ജലവർഷത്തിന് ഇനി ലഭിക്കുമെന്ന് ഉറപ്പുള്ള വെള്ളമെത്ര;

(സി) 2005-06 മുതൽ 2014-15 വരെയുള്ള കാലഘട്ടത്തിലെ വാട്ടർ അക്കൗണ്ട്സ് (PAP) ലഭ്യമാക്കാമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) പ്രകാരം 2005-06 ജലവർഷം മുതൽ 2014-15 ജലവർഷം വരെ കേരളത്തിന് ഓരോ ജലവർഷവും ലഭിച്ച ജലത്തിന്റെ അളവ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ഒന്നിലെ പട്ടികയിൽ (പട്ടിക ഒന്ന്)* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ലോവർ നീരാർ ഡാമിന്റെയും പറമ്പിക്കുളം, പെരുവാരിപ്പള്ളം, ഭൂണക്കടവ് എന്നീ ഡാമുകളുടെയും വൃഷ്ടിപ്രദേശത്തുള്ള ജലം ഒരുമിച്ചു കണക്കാക്കി 16500 എം.സി.എഫ്.റ്റി.ക്ക് അധികമായി വന്ന 695 എം.സി.എഫ്.റ്റി. ജലം 2005-06 ജലവർഷത്തിലും 2500 എം.സി.എഫ്.റ്റി. ജലം 2007-08 ജലവർഷത്തിലും കേരളത്തിന് അർഹതപ്പെട്ടതായി. ഇത് തുടർന്നുള്ള ജലവർഷങ്ങളിൽ കേരളത്തിന് മണക്കടവ് വിയറിൽ; അനുബന്ധം രണ്ടായി ചേർത്തിട്ടുള്ള പട്ടികയിൽ (പട്ടിക രണ്ട്)* സൂചിപ്പിച്ചിട്ടുള്ള വിധം ഗഡുക്കളായി ലഭിച്ചുവരുന്നു.

(ബി) നടപ്പ് ജലവർഷ(2015-16)ത്തിൽ 15-2-2016 വരെ 5135 എം.സി.എഫ്.റ്റി. ജലം മണക്കടവ് വിയറിൽ ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന 2115 എം.സി.എഫ്.റ്റി. ജലം 2016 ജൂൺ 30 വരെയുള്ള കാലയളവിൽ തമിഴ്നാട് ലഭ്യമാക്കേണ്ടതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly